പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2915 17.10.2016 ൽ മറുപടിയ്ക്ക്

## സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്

ചോദ്യം

ശ്രീ.ടി.എ.അഹമ്മദ് കബീർ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്(SID) ന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്(SID)യുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി എസ്.ഐ.ഡി ഇംപ്ലിമെന്റേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയിൽ സാമൂഹ്യനീതി, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പ് അദ്ധ്യക്ഷന്മാരും ധന വകുപ്പിന്റെ പ്രതിനിധിയും അംഗങ്ങളാണ്. എസ്.ഐ.ഡി യുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നുള്ളതാണ് കമ്മിറ്റിയുടെ ചുമതല. കൃത്യമായ ഇടവേളകളിൽ ഈ കമ്മിറ്റി യോഗം ചേർന്ന് എസ്.ഐ.ഡി യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് നിലവിൽ വൈകല്യങ്ങൾ ഉള്ള എത്ര പേരുണ്ടെന്നും അവരിൽ എത്ര പേർക്ക് വൈകല്യ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) സാമൂഹ്യനീതി വകുപ്പ് 2014-15 ൽ നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം സംസ്ഥാനത്ത് 793937 അംഗപരിമിതരുണ്ട്. ഇവരിൽ 464777 പേർക്ക് സാമൂഹ്യനീതി വകുപ്പും സാമൂഹ്യസുരക്ഷാ മിഷനും ചേർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡുകളും നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ വൈകല്യ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ട് അത് ലഭിക്കാത്ത എത്ര പേരുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; ഇവർക്ക് എന്നത്തേയ്ക്ക് തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും നൽകാനാവുമെന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ വൈകല്യ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുള്ളവർ 37165 ആണ്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 1590 |
| കൊല്ലം | 1478 |
| പത്തനംതിട്ട | 361 |
| ആലപ്പുഴ | 1935 |
| കോട്ടയം | 913 |
| ഇടുക്കി | 1200 |
| എറണാകുളം | 1007 |
| തൃശ്ശൂർ | 9558 |
| പാലക്കാട് | 2950 |

| | |
|---|---|
| കോഴിക്കോട് | 3001 |
| വയനാട് | 1385 |
| മലപ്പുറം | 5001 |
| കണ്ണൂർ | 5040 |
| കാസർഗോഡ് | 1746 |

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ക്യാമ്പുകൾ നടത്തിയിരുന്നില്ല. 2016 ജൂലൈ മുതലാണ് ഈ വർഷത്തെ ക്യാമ്പുകൾ സംഘടിപ്പിച്ചു തുടങ്ങിയത്. 2017 മാർച്ച് മാസത്തിനു മുൻപായി മുഴുവൻ അപേക്ഷകളും തീർപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ